# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി6/1376/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 24/01/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി6/1376/22 തീയ്യതി: 24/01/2023

## പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2021 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 01-12-2022 | 13-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-12-2022 | 13-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മരുൺ മാത്യു, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ജയപ്രഭ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ഹരികുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സിന്ധുമോൾ വി എൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.ബിന്ദു റജി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി മിനി മറിയം മാത്യൂ | സെക്രട്ടറി | 01-04-2021 | 29-04-2021 |
| ശ്രീമതി സുനിതാ പണിക്കർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-04-2021 | 23-05-2021 |
| ശ്രീമതി മിനി മറിയം മാത്യൂ | സെക്രട്ടറി | 24-05-2021 | 30-06-2021 |
| ശ്രീമതി സുധാകുമാരി ജി | സെക്രട്ടറി | 01-07-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അനി ഷിജി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ലേഖാ കുമാരി എം സി | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീ രാജേഷ് ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഷീബ എസ്സ് എസ്സ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ വി ഒ സജി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 28-11-2021 |
| ഡോ ജിത എം | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 29-11-2021 | 31-03-2022 |
| ശ്രീമതി സുധർമ്മണി എസ്സ് | ഐ സിഡി എസ്സ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ നീലിമ എസ്സ് രാജ് | വെറ്ററിനറി സർജൻ | 01-04-2021 | 03-02-2022 |
| ഡോ രാജു മാത്യു | വെറ്ററിനറി സർജൻ | 04-02-2022 | 31-03-2022 |
| ഡോ ഷാജി ബി | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2021 | 31-03-2022 |
| ശ്രീ പ്രശാന്ത് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | രസീതുബുക്കുകളുടെ പരിപാലനം- അപാകങ്ങൾ | 1-11 |
| 12 | തൊഴിൽനികുതി പിരിവ് - അപാകങ്ങൾ | 1-12 |
| 13 | ലൈസൻസ് - അപാകതകൾ | 1-13 |
| 14 | വസ്തുനികുതി ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നത് 23,32,809 രൂപ | 1-14 |
| 15 | തടികൾ ലേലം ചെയ്തിട്ടില്ല | 1-15 |
| 16 | മാവേലി സ്റ്റോറിന്റെ വാടക നാളിതുവരെ ഈടാക്കിയിട്ടില്ല | 1-16 |
| 17 | വാടക പിരിവ് - പൊതുവായ അപാകതകൾ | 1-17 |
| 18 | ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി | 1-18 |
| 19 | ടെണ്ടറുകൾക്ക് മത്സര സ്വഭാവം ഇല്ല; ഇ-ടെണ്ടർ അഭികാമ്യം | 1-19 |
| 20 | വിശപ്പ് രഹിത കേരളം- ജനകീയ ഹോട്ടൽ നടത്തിപ്പ്- അധികം ചെലവഴിച്ച 4182 രൂപ തിരിച്ചടച്ചു | 1-20 |
| 21 | മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് ക്ഷേമപെൻഷൻ; സർക്കാരിന് വൻബാധ്യത സൃഷ്ടിക്കുന്നു | 1-21 |
| 22 | നിക്ഷേപ വേലകൾക്ക് നൽകിയ മുൻകൂർ - വിനിയോഗവിവരം ഹാജരാക്കിയിട്ടില്ല | 1-22 |
| 23 | ശബരിമല തീർത്ഥാടനം- അടിസ്ഥാന സൗകര്യം ഒരുക്കൽ- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-23 |
| 24 | തെരുവ് വിളക്കുകളുടെ പരിപാലനം ടെണ്ടർ നടപടികൾ സുതാര്യമല്ല | 1-24 |
| 25 | കുടിവെള്ള വിതരണത്തിനായി ജല അതോറിറ്റിയിൽ അടവാക്കുന്ന തുകയ്ക്ക് അനുപാതികമായ പ്രയോജനം ലഭിക്കുന്നില്ല | 1-25 |
| 26 | നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്തിട്ടില്ല | 1-26 |

| ഭാഗം **2** | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് സർച്ചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| ബഡ്ജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയതി | 09.02.2021 |
| പുതുക്കിയ ബജറ്റ് അംഗീകരിച്ച തീയതി | 11.02.2022 |

## 1-2 വാർഷിക ധനകാര്യ പത്രിക

2021-22 ലെ വാർഷിക ധനകാര്യ പത്രിക 30.04.2022-ന് എയിംസിൽ ഇ-സബ്മിറ്റ് ചെയ്തു. വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

1. തൻ വർഷം ആസ്തികൾ സൃഷ്ടിക്കുന്നതിനു വേണ്ടി ചെലവഴിച്ചിട്ടുള്ള തുകകൾ Capital Contribution ലേക്ക് മാറ്റിയിട്ടില്ല.

2. Schedule B4 – Grants Funds And Contributions For Specific Puposes – 643197 – ഏതിനത്തിലുള്ള തുകയാണെന്ന് വ്യക്തമല്ല.

2. വസ്തു നികുതി - വാർഷിക കണക്കിലെയും സഞ്ചയ സോഫ്റ്റ്‌വെയറിലെയും കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3. Schedule – B 18 - വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ തുകകൾ - പ്രവൃത്തികളുടെ വിശദാംശങ്ങൾ, വിനിയോഗസാക്ഷ്യ പത്രം ലഭിച്ചതിന്റെ വിവരം എന്നിവ സൂക്ഷിച്ചിട്ടില്ല.

4. വികസന ഫണ്ട് (ജനറൽ) - അങ്കണവാടി ജീവനക്കാരുടെ അധിക പ്രതിഫലം – 876000 രൂപ മാത്രമാണ് തൻവർഷത്തെ ചെലവ് എന്നാൽ 292000 രൂപ അധികമായി ബുക്ക ചെയ്തിരിക്കുന്നു.

5. Schedule I- 18 – Prior Period Income- തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.
6. ജോയിന്റ് വെർച്ചർ അക്കൗണ്ടിലെ നീക്കിയിരുപ്പ് തുകകൾ ഷെഡ്യൂൾ – B4 ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9749385 |
| വരവ് | 59493305 |
| ആകെ | 69242690 |
| ചെലവ് | 60273154 |
| നീക്കിയിരിപ്പ് | 8969536 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 9995423 | 9995423 | 9697000 | 298423 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2311300 | 2311300 | 1961601 | 349699 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 7400 | 7400 | 0 | 7400 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 6422480 | 6422480 | 2617998 | 3804482 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 0 | 2689353 | 2689353 | 2188133 | 501220 |
| മെയിന്റനൻസ് | 0 | 16828000 | 16828000 | 14890087 | 1937913 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ്- റോഡ് | | | | | |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | 0 | 5102338 | 5102338 | 2302894 | 2799444 |

| പ്രത്യേക ഗ്രാന്റ് (ഇനം തിരിച്ച്) | | | | | |
|---|---|---|---|---|---|
| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ശബരിമല സ്പെഷ്യൽ ഗ്രാന്റ് | 1879261 | 579000 | 2458261 | 271394 | 2186867 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| ശുചിത്വ മിഷൻ | 2255464 | 0 | 2255464 | 156000 | 2099464 |
| കുടുംബശ്രീ ചലഞ്ച് ഫണ്ട് | 986253 | 11526 | 997779 | 975812 | 21967 |
| സാക്ഷരത | 10254 | 412 | 10666 | 0 | 10666 |
| ടോട്ടൽ സാനിട്ടേഷൻ | 625073 | 260000 | 885073 | 0 | 885073 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 0 | 1982997 | 1982997 | 0 | 1982997 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| എൻ.ആർ.ഇ.ജി.എസ്. | 4733 | 16595381 | 16600114 | 16600114 | 0 |
| ഐ.സി.ഡി.എസ്. | 503263 | 548807 | 1052070 | 550761 | 501309 |

ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ

1) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് യഥാർത്ഥ വരവുമായി പൊരുത്തപ്പെടുന്നില്ല

വികസന ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച ഗ്രാന്റിൽ വിവിധ ഇനങ്ങളിൽ സർക്കാർ സോഴ്സ് ഡിഡക്ഷൻ നടത്തിയതിന് ശേഷം കിട്ടിയ തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി കാണിച്ചിട്ടുള്ളത്.

| ക്രമ നം | വിഭാഗം | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 9995423 | 8212678 | 1782745 | അംഗനവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ 906745 രൂപ ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ 876000 രൂപ എന്നിവ സോഴ്സ് ഡിഡക്ഷൻ നടത്തിയത് വരവിൽ ഉൾപ്പെടുത്തിയില്ല. |
| | വികസന ഫണ്ട് (എസ്.സി.പി) | 2311300 | 2279378 | 31922 | ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ 31922രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയത് വരവിൽ ഉൾപ്പെടുത്തിയില്ല. |

2) വികസന ഫണ്ട് (ജനറൽ) - ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് യഥാർത്ഥ ചെലവുമായി പൊരുത്തപ്പെടുന്നില്ല അങ്കണവാടി ജീവനക്കാർക്കുള്ള അധിക പ്രതിഫലം - സ്രോതസ്സിൽ നിന്നും കുറവു ചെയ്തതത് 876000 രൂപ മാത്രമാണ്. അധികമായി 292000 രൂപ കൂടി ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസനഫണ്ടിനത്തിൽ 292000 രൂപ അധികച്ചെലവായി ഉൾപ്പെട്ടിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പിലാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 181 | 90663222 | 148 | 40876388 | 33 | 82 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4733 | 405581 | 410314 | 410314 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകുന്നത് | 0 | 16189800 | 16189800 | 16189800 | 0 |
| ആകെ | 4733 | 16595381 | 16600114 | 16600114 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 444,800 | 29 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2,589,700 | 170 |
| വിധവാപെൻഷൻ | 7,013,400 | 480 |
| വാർദ്ധക്യകാല പെൻഷൻ | 20,356,900 | 1441 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 247,800 | 15 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.12.2022-ാം തീയതി 3pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 40,106 (നാല്പതിനായിരത്തി ഒരുന്നൂറ്റിയാറ്) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ പോരായ്മകൾ ഉണ്ട്. തനതു വരുമാനം പൂർണ്ണമായി പിരിച്ചെടുക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. വസ്തു നികുതിയിനത്തിൽ തൻ വർഷം 23.32 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നീയിനങ്ങളിലുള്ള വരുമാനവും യഥാവിധി പിരിച്ചെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. തനതുവരുമാനമായി പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നത് 33 ലക്ഷം രൂപ മാത്രമാണെന്നിരിക്കെയാണ് നികുതി പിരിവിൽ ഇത്തരത്തിൽ അലംഭാവം കാണിക്കുന്നത്. ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും പരസ്പര ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങളിലൂടേ ആഭ്യന്തര നിയന്ത്രണം കൂടുതൽ ഫലപ്രദമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് ഏജൻസി | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 05.01.2018 മുതൽ 17.01.2018 വരെ | 2012-13 മുതൽ 2016-17 വരെ | 26.02.2018 |
| പെർഫോമൻസ് | 17.06.2022 മുതൽ | 01.01.2022 മുതൽ | ലഭ്യമാക്കിയില്ല |

| | | | |
|---|---|---|---|
| ഓഡിറ്റ് | 18.06.2022 വരെ | 31.03.2022 വരെ | |

## 1-11 രസീതുബുക്കുകളുടെ പരിപാലനം- അപാകങ്ങൾ

2021-22 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിതരണം ചെയ്ത രസീതുബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണോദ്യോഗസ്ഥർക്കും വിതരണം ചെയ്യുന്ന എല്ലാ രസീതുബുക്കുകളിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്, ആർക്കാണ് വിതരണം ചെയ്തിരിക്കുന്നത് എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. (ഉദാ. രസീത് ബുക്ക് നം. 54232 54234,54235, 54236 )

2. നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീതുബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല (ഉദാ. ബുക്ക് നം.11235, 11244, 54233, 4054, 54235)

മേൽസൂചിപ്പിച്ച അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-12 തൊഴിൽനികുതി പിരിവ് - അപാകങ്ങൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നുണ്ട്.

2021-22 വർഷത്തിലെ തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 4 അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാരിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചു വരുന്ന നെല്ലിക്കമൺ ക്ഷീരോല്പാദക സഹകരണസംഘത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2. പഞ്ചായത്ത് പരിധിയിൽ 8 റേഷൻ ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒരു റേഷൻകടയിലെ ജീവനക്കാരിൽ നിന്നു മാത്രമാണ് തൊഴിൽനികുതി ഈടാക്കിയിട്ടുള്ളത്.

മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി/ സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയതിന്റെ വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/09.12.2022) ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നതിന് കത്ത് നൽകിയതായി സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽനികുതി/ സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3. 2021-22 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|
| ബി.ഇ.എൻറൂട്ട് പ്രൈവറ്റ് ലിമിറ്റഡ് (കൊറിയർ സർവ്വീസ് ) | 12 |
| എസ്.എം.സി. സ്റ്റുഡിയോ | 9 |
| ജെ.ബി ഗ്യാസ് ഏജൻസീസ് | 6 |
| തയ്യിൽ ഹോളോബ്രിക്സ് | 6 |
| മാക്സസ് മിനി ഹബ്ബ് | 3 |

മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 10/ 09.12.2022) മറുപടിയായി ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിനായി സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തൊഴിൽനികുതി പരിധിയിൽ ഉൾപ്പെടുന്ന എല്ലാ ജീവനക്കാരിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

4. 2021-22 വർഷം പഞ്ചായത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ ചുവടെ ചേർക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. സി.ആർ.രഘു

2. റിൻജു പി.ജെയിംസ്

3. അബു മുഹമ്മദാലി

4. മോൻ ജോസഫ്

5. ഷിജു ഒറ്റത്തൈക്കൽ

6. സാജൻ ബി

7. നിതിൻ ജോസഫ്

8. ബിജു മാത്യു

9. അജിത് സക്കറിയ

10. മജോ ജോസഫ്

11. അസീസ് എം.എം

12. ജേക്കബ് പുന്നൂസ്

13. മുഹമ്മദ് സിറാഫദ്

14. അബ്ദുൾ സമദ്

15. ലൈജു തോമസ്

16. സോമശേഖരൻ നായർ

17. ബൈജു മാത്യു

18. വൽസല എ.ആർ

മേൽ പരാമർശിച്ചിട്ടുള്ള കരാറുകാരിൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായവരുണ്ടെങ്കിൽ അവരിൽ നിന്നും തൊഴിൽനികുതി ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ലൈസൻസ് - അപാകതകൾ

2021-22 വർഷത്തെ ലൈസൻസ് ഫീസ് പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിൽ വാണിജ്യ വിഭാഗത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതിൽ 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള 681 കെട്ടിടങ്ങളും, 100 ച.മീ. മുകളിൽ തറവിസ്തീർണ്ണമുള്ള 78 കെട്ടിടവും, 200 ച.മീ. മുകളിൽ തറ വിസ്തീർണ്ണമുള്ള 25 കെട്ടിടങ്ങളുമാണുള്ളത്. ലഭ്യമാക്കിയ രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം തൻ വർഷം 176 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിരിക്കുന്നത്. കേരളാ പഞ്ചായത്ത്‌രാജ് ആക്ടിന്റെ വകുപ്പ് 232,233 പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെങ്കിലും ലിസ്റ്റ് അപൂർണ്ണമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും ട്രേഡ് ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ ഫീസിന്റെ പരിധിയിൽ കൊണ്ടു വന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

2. തൻവർഷം ലൈസൻസ് എടുത്ത 176 സ്ഥാപനങ്ങളിൽ ഭൂരിഭാഗവും 2022 നവംബർ മുതൽ മാർച്ച് വരെയുള്ള കാലയളവിലാണ് 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് എടുത്തിട്ടുള്ളത്. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻറീട്ടെയിൽ ഷോപ്പുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 8 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഒരു റേഷൻ ഷോപ്പ് മാത്രമാണ് പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളത്. ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ റേഷൻഡിപ്പോകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കി അറിയിക്കേണ്ടതാണ്.

4. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയകേന്ദ്രങ്ങളും ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 4 അക്ഷയകേന്ദ്രങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നത് 23,32,809 രൂപ

ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതി വരുമാനമായ വസ്തുനികുതിയിനത്തിൽ 2021-22 സാമ്പത്തിക വർഷം 23,32,809 രൂപ ഈടാക്കാൻ അവശേഷിക്കുന്നു. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Receivables For Property Tax On Residentialilding ( Current) | 306310/- |
| Receivables For Property Tax On Residentialildings (Arrears) | 861658/- |
| Receivables For Property Tax On Non-Residential Buildings-(Current) | 368092/- |
| Receivables For Property Tax On Non-Residential Buildings (Arrears) | 796749/- |
| Total | 2332809/- |

പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന തുക ഈടാക്കുവാൻ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.11/12.12.2022) സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ, കുടിശ്ശികത്തുക ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് വരുന്നുണ്ടെന്ന് വ്യക്തമാക്കി. കുടിശ്ശിക ഇനത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ 6,09,804 /- രൂപ പിരിച്ചെടുത്തിട്ടുണ്ട്. ബാലൻസ് തുക പിരിച്ചെടുക്കുന്നതിന് റെവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നതായും , നികുതി പിരിച്ചെടുക്കുന്നതിന് എല്ലാ വാർഡുകളിലും ഡിമാന്റ് നോട്ടീസ് വിതരണം ചെയ്ത് ക്യാമ്പ് കളക്ഷൻ നടത്തുന്നതിന് പത്രപ്പരസ്യം ഉൾപ്പെടെ അറിയിപ്പ് നൽകിയിട്ടുണ്ടെന്നും സെക്രട്ടറി വ്യക്തമാക്കി.പഞ്ചായത്തിന്റെ നിയമപരമായ ചുമതലകളും ദൈനം ദിന പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് തനത് ഫണ്ട് വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. വസ്തുനികുതി ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക പിരിച്ചെടുക്കുന്ന വിഷയത്തിൽ ഭരണസമിതിയുടെയും, സ്റ്റാൻറ്റഡിംഗ് കമ്മിറ്റിയുടെയും (ധനകാര്യം) പ്രത്യേക ശ്രദ്ധയു ണ്ടാകേണ്ടതാണ്.

## 1-15 തടികൾ ലേലം ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്തിന് സമീപം അപകടകരമായി നിന്നതും പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽനിന്നും മുറിച്ചുമാറ്റിയതുമായ മരങ്ങളുടെ തടികൾ നാളിതുവരെ ലേലം ചെയ്തിട്ടില്ല. മരങ്ങൾ മുറിച്ചുമാറ്റിയ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും 16000 രൂപ (വൗച്ചർ നം. 22100902/ 14.02.2022 ) ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത മരങ്ങൾ ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 5/07.12.2022) പ്രസ്തുത മരങ്ങളുടെ വാല്യുവേഷൻ എടുക്കുന്നതിനായി 29.07.2022 ലെ സി 5-1524(1)/22 നം.കത്ത് പ്രകാരം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രിക്ക് കത്ത് നൽകിയിട്ടുള്ളതാണെന്നും നാളിതു വരെ വാല്യുവേഷൻ ലഭിച്ചിട്ടില്ലെന്നുമാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുള്ളത്. വാല്യുവേഷൻ ലഭിക്കുന്ന മുറയ്ക്ക് തടികൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 മാവേലി സ്റ്റോറിന്റെ വാടക നാളിതുവരെ ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിൽ പഞ്ചായത്ത് വക 1019, 1020 നമ്പർ കടമുറികളിൽ 2011-ൽ പ്രവർത്തനം ആരംഭിച്ച മാവേലിസ്റ്റോറിന്റെ വാടക നാളിതുവരെ ഈടാക്കിയിട്ടില്ല. 29-7-2020 ലെ 7-1951/18 നം. നോട്ടീസ് പ്രകാരം 2017-18 മുതൽ ലഭിക്കുവാനുള്ള വാടകയായ 8,02,886 രൂപയ്ക്ക് റവന്യൂ റിക്കവറി നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. തുടർന്ന് 10.12.2021 ലെ സി 7-1951/18 നം. റവന്യൂ റിക്കവറി നോട്ടീസ് പ്രകാരം 12/2021 വരെയുള്ള കാലയളവിലെ വാടകയായ 5,21,372 രൂപയ്ക്ക് റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ട്. ടി നോട്ടീസുകൾക്ക് മറുപടിയായി ,സപ്ലൈകോ അസിസ്റ്റന്റ്

മാനേജർ 11.01.2022 ലെ എ 5-1781/20 കത്ത് പ്രകാരം, 04/2017 മുതൽ ച.അടിക്ക് 7 രൂപ നിരക്കിലും 10/2020 മുതൽ ച.അടിക്ക് 10 രൂപ നിരക്കിലും വാടക നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ടി നിരക്കിൽ വാടക ഈടാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ളതാണ്. വാടക കുടിശ്ശിക അടക്കം പിരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-17 വാടക പിരിവ് - പൊതുവായ അപാകതകൾ

പഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുന്നതിനായി ഒരു ബൈലോ തയ്യാറാക്കി സൂക്ഷിക്കേണ്ടതും സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കടമുറികൾ വാടകയ്ക്ക് നൽകുന്നതിനും മാർക്കറ്റ് ലേലത്തിന് നൽകുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം നേടിയിട്ടില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക അഡ്വാൻസ്, ഡെപ്പോസിറ്റ് തുടങ്ങിയവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. കടമുറികൾ വാടകയ്ക്ക് എടുത്തിരിക്കുന്നവരുമായി ഗ്രാമ പഞ്ചായത്ത് കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നില്ല. കരാർ വ്യവസ്ഥകൾ എഴുതാതെ വാടകക്കാരുടെ ഒപ്പു മാത്രമുള്ള ശൂന്യമായ മുദ്രപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. കടമുറികൾക്ക് കേടുപാടുകൾ ഉണ്ടാകുകയോ, വാടക അടവാക്കുന്നതിൽ കരാറുകാർ വീഴ്ച വരുത്തുകയോ ചെയ്താൽ ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കാൻ ഇതുമൂലം ഗ്രാമ പഞ്ചായത്തിന് കഴിയാതെ വരും. ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനും വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ സമഗ്ര പച്ചക്കറി കൃഷി വികസനം, തെങ്ങിന് കീടനിയന്ത്രണം എന്നീ പ്രോജക്ടുകളിൽ ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

1. പ്രോ.നം. 38/ 2022 – സമഗ്ര പച്ചക്കറി കൃഷി വികസനം

പ്രോജക്ടിന്റെ ഭാഗമായി പച്ചക്കറി വിത്തുകൾ, ഗ്രോ ബാഗ്, കയർ പിത്ത്, വളം എന്നിവയടങ്ങുന്ന കിറ്റാണ് ഗുണഭോക്താക്കൾക്ക് നൽകിയത്. 1480 രൂപ വില വരുന്ന ഒരു കിറ്റിന് 1000 രൂപ വികസന ഫണ്ട് വിഹിതവും 480 രൂപ ഗുണഭോക്തൃ വിഹിതവുമാണ് വകയിരുത്തിയിരുന്നത്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത 60 പേർക്ക് പ്രോജക്ട് പ്രകാരം ആനുകൂല്യം അനുവദിച്ചു.

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് ആനുകൂല്യം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | വാർഡ് |
|---|---|---|
| 1 | ഗീതാമണി എ ഡി, കുന്നമ്പള്ളിൽ | 1 |
| 2 | സാലി മാത്യു,കാച്ചാനത്ത് | 1 |
| 3 | ശ്യാമള സോമൻ, മുളപ്പറമ്പിൽ | 3 |
| 4 | പുഷ്പലത കെ, പുഷ്പാലയം | 12 |
| 5 | രാജമ്മ തോമസ്സ്, പടിഞ്ഞാറേ മണ്ണിൽ | 1 |
| 6 | അന്ന കുര്യാക്കോസ് , കാവുങ്കൽ | 8 |
| 7 | ബിന്ദു ആർ, കാവുങ്കൽ | 10 |
| 8 | ജീന സ്കറിയ, തെള്ളിയിൽ | 2 |
| 9 | റിനു മെറിൽ കുര്യൻ, ആറ്റൂർ ഹൗസ് | 4 |
| 10 | ജെസ്സിയമ്മ ശാമുവൽ, വടക്കത്തറ | 3 |
| 11 | അന്നമ്മ എബ്രഹാം, വെട്ടിമല പുത്തൻ പുരയിൽ | 8 |
| 12 | സാറാമ്മ വർഗ്ഗീസ് ,വാഴയിൽ | 3 |
| 13 | അന്നമ്മ കുര്യാക്കോസ് ,കാവുമ്കൽ | 8 |
| 14 | രമണി ചെറിയാൻ, ആലപ്പാട്ട് | 10 |
| 15 | ശ്രീദേവിയമ്മ, ചെങ്കല്ലുങ്കൽ | 10 |
| 16 | ബീനാ കുമാരി, ചെങ്കല്ലുങ്കല് | 10 |
| 17 | റജീന സലിം ,ഹിൽവ്യൂ എസ്റ്റേറ്റ് | 2 |

| | | |
|---|---|---|
| 18 | അനുമോൾ,വടക്കേമണ്ണിൽ | 5 |
| 19 | എൽസി രാജു, തകിടിയിൽ | 13 |
| 20 | ശാരദാ സുഭാഷ്, മേലേപ്പറക്കളത്ത് | 13 |
| 21 | ഷേർലി ജേക്കബ്, കാവുമണ്ണിൽ | 4 |
| 22 | പൊന്നമ്മ തോമസ്സ്, പനം തോട്ടത്തിൽ | 4 |
| 23 | സുമ തോമസ്സ്, മണിമലേത്ത് | 7 |
| 24 | ലീലാമ്മ സ്കറിയ, പുതുവേലിൽ | 2 |
| 25 | സാറാമ്മ ജോൺ, ചാലുങ്കൽ | 2 |
| 26 | ലിസ്സി ജയിംസ് , അഴകത്ത് ചിറയിൽ | 10 |
| 27 | ആനിയമ്മ തോമസ്സ്,ചരുവിൽ | 5 |
| 28 | ശോഭ അനിൽ, ചരുവിൽ | 5 |
| 29 | ഏലിയാമ്മ വർഗ്ഗീസ്, തോലിട്ടം പാറ | 13 |
| 30 | റബേക്കാമ്മ മാത്യു, ഇടമണ്ണിൽ | 4 |
| 31 | ഓമന ജയിംസ്, ചുഴക്കുന്നിൽ | 7 |
| 32 | മിനി അനിൽകുമാർ,പുല്ലിൽ | 13 |
| 33 | റയ്ച്ചൽചാക്കോ,ചെറുകര | 5 |
| 34 | ശുഭ കുമാരി,പൊയ്കയിൽ | 9 |
| 35 | സബിത സാലിഹ്, മേലേ വീട്ടിൽ | 2 |
| 36 | ഷാഹിയ റ്റി യൂസഫ്, പുലിപ്ര പുതുവേലിൽ | 6 |
| 37 | ചിന്നമ്മ ജോസഫ് ,ഐക്കാട്ടിൽ | 7 |
| 38 | ജീമോൾ കെ ജേക്കബ്, ഐക്കാട്ടിൽ | 7 |
| 39 | മിനി പ്രസാദ്, ശാസ്താം കോവിൽ | 10 |
| 40 | ഷേർലി തോമസ്സ്, ചെറു തോട്ടുങ്കൽ | 12 |
| 41 | ജയ്മോൾ ജേക്കബ്, പാറയ്ക്കൽ | 6 |
| 42 | പത്മിനി വിജയൻ, ഉണ്ടിയിൽ വീട് | 9 |
| 43 | അമ്പിളി ഷാജി, പൂവത്തൂർ | 4 |
| 44 | സോമിക്കുട്ടി മാത്യു, വലിയകാലായിൽ | 2 |
| 45 | ജ്യോതി കെ ജോർജ്, താഴം പടിക്കൽ | 2 |
| 46 | സരസമ്മ, കാലായിൽ | 10 |
| 47 | അച്ചുകുട്ടി എം, കാവുങ്കൽ | 9 |
| 48 | ചിന്നമ്മ ഏലിയാസ്, വാഴയ്ക്കൽ | 12 |
| 49 | ബ്ളസ്സി പുന്നൂസ്, ചെറുവത്ത് കാട് | 11 |
| 50 | മറിയാമ്മ, പൂവന്നു നിൽക്കുന്നതിൽ | 2 |
| 51 | റനി എബ്രഹാം, നിരവിൽ | 11 |
| 52 | ദീപ്തി എബ്രഹാം, പുളി നിൽക്കും പറമ്പിൽ | 11 |
| 53 | ഓമന കുമാരി, പുത്തൻ വീട്ടിൽ | 4 |
| 54 | ജലജ രാജേന്ദ്രൻ, പേഴും മൂട്ടിൽ | 6 |
| 55 | സാറാമ്മ ജോൺ, പുല്ലംപള്ളി തടത്തിൽ | 13 |
| 56 | ബീനാമ്മ തോമസ്സ്,ആഞ്ഞിലി വേലിൽ കളത്തൂർ | 5 |
| 57 | മോളി ജോസഫ്, ഉണ്ടിയിൽ | 9 |
| 58 | എൽസി കുരുവിള, ഉണ്ടിയത്ത് | 9 |
| 59 | രത്നമ്മ, ചരിവു കാലായിൽ | 4 |
| 60 | ലീനാ ഷാജി, പുതുപ്പറമ്പിൽ | 7 |

മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങി, രേഖകൾ ഓഡിറ്റിൽ

പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രോ നം. 61 – തെങ്ങിന് കീട നിയന്ത്രണം – ജൈവ കീടനാശിനിയായ വേപ്പിൻ പിണ്ണാക്ക് ഉപയോഗിച്ച് കീടനിയന്ത്രണം നടത്തുന്നതിനുള്ള പ്രോജക്ടിൽ ഒരു തെങ്ങിന് 155 രൂപ നിരക്കിലാണ് തുക ചെലവഴിച്ചത് . വികസന ഫണ്ടിൽ നിന്നും 75% സബ്സിഡി വകയിരുത്തിയ പ്രോജക്ടിൽ 70 വ്യക്തികൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവരാണ്. ആനുകൂല്യം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | വാർഡ് |
|---|---|---|
| 1 | അബ്രഹാം വി എം<br>വടക്കേത്ത് | 1 |
| 2 | മാത്യു റ്റി വി ,തേവർ തോട്ടത്തിൽ | 1l |
| 3 | തോമസ്സ് വി സാം ,വയറ കുന്നിൽ | 1 |
| 4 | തോമസ്സ് വർഗ്ഗീസ്<br>കിഴ വെള്ളിത്ര | 1 |
| 5 | മാത്യു പി എം<br>പാണ്ടിയത്ത് | 1 |
| 6 | ജോൺ മത്തായി പി എം<br>പാണ്ടിയത്ത് | 1 |
| 7 | പീർ മുഹമ്മദ്<br>മേലേ വീട്ടിൽ | 2 |
| 8 | ഷിബു കെ എം<br>കഴുത്തുട്ട് പുരയിടം | 2 |
| 9 | തോമസ്സ് മാത്യു<br>വലിയകാലായിൽ<br>ഈട്ടിച്ചുവട് | 2 |
| 10 | ഫിലിപ്പ് ജോർജ്<br>കണ്ണാടിക്കൽ | 2 |
| 11 | അഷ്റഫ്<br>മേലേ വീട്ടിൽ | 2 |
| 12 | നാസർ<br>മേലേ വീട്ടിൽ | 2 |
| 13 | നജിമുദ്ദീൻ സി എച്ച്<br>ചരിവു പുരയിടത്തിൽ | 3 |
| 14 | ജോൺ ഫിലിപ്പ്<br>എരുമത്തടത്തിൽ | 3 |
| 15 | ഷിബു ജോസഫ് കുര്യൻ<br>മുരുപ്പേൽ | 3 |
| 16 | എലിസബത്ത് കുര്യൻ<br>വാഴയിൽ | 3 |
| 17 | ജോസ് മാത്യു എബ്രഹാം<br>ഇടമണ്ണിൽ | 3 |
| 18 | തോമസ്സ് പി വി<br>പുത്തൻ പുരയ്ക്കൽ | 3 |
| 19 | അബ്രഹാം സ്കറിയ | 3 |

| | | |
|---|---|---|
| | വടക്കത്ത്വ | |
| 20 | വർഗ്ഗീസ് എം ജി<br>മേമുറിയിൽ | 3 |
| 21 | ഓമന സജീവ്<br>മുല്ലശ്ശേരിയിൽ | 3 |
| 22 | ഫിലിപ്പോസ് പി എം<br>പാലോലിൽ | 3 |
| 23 | തോമസ്സ് പി പി<br>പനം തോട്ടത്തിൽ | 4 |
| 24 | വർഗ്ഗീസ് എം എസ്സ്<br>കാവുമണ്ണിൽ | 4 |
| 25 | ഷൈല സൈമൺ<br>തച്ചനാലിൽ | 5 |
| 26 | ജോസഫ് എം വി<br>മലയിൽ | 5 |
| 27 | തോമസ്സ് എ ജോസഫ്<br>ആഞ്ഞിലി വീട്ടിൽ കളത്തൂർ | 5 |
| 28 | സജി ജോർജ്<br>നാഗരു കിഴക്കേൽ | 5 |
| 29 | നിജ്ജ സാമുവേൽ<br>കൊല്ലകുഴിയിൽ | 5 |
| 30 | അബ്രഹാം പി കെ<br>പുത്തൻ പുരയ്ക്കൽ | 6 |
| 31 | അബ്രഹാം കുര്യൻ<br>പുത്തൻ പുരയ്ക്കൽ | 6 |
| 32 | മാത്യു അബ്രഹാം<br>പുത്തൻ പുരയ്ക്കൽ | 6 |
| 33 | തോമസ്സ് വർഗ്ഗീസ്<br>നല്ലുവേലിൽ | 6 |
| 34 | ലിസ്സി എബ്രഹാം<br>ചിറയ്ക്കാട്ട് | 6 |
| 35 | സലിം പി എച്ച്<br>പുലിപ്പാറ പുതുവേലിൽ | 6 |
| 36 | രാജ്ജ കെ ഒ<br>കാവുങ്കൽ | 6 |
| 37 | രാജൻ കെ<br>കൈപ്പുഴ | 7 |
| 38 | ബിന്ദു റജി<br>വളയനാട്ട് | 7 |
| 39 | തോമസ്സ് റ്റിറ്റി<br>തെക്കേ ചരുവിൽ | 7 |

| | | |
|---|---|---|
| 40 | ജയ്സ് ജോസഫ്<br>ചുഴി കുന്നിൽ | 7 |
| 41 | അബ്രഹാം എം പി<br>ഐക്കാട്ടു മണ്ണിൽ | 8 |
| 42 | ആൻഡ്രൂസ് എം കെ<br>ഐക്കാട്ടുമണ്ണിൽ | 8 |
| 43 | അബ്രഹാം മാത്യു<br>തൈപ്പറമ്പമ്പിലായ തടത്തിൽ | 9 |
| 44 | ജെവിൻ കെ വിൽസൻ<br>കാവുങ്കൽ | 9 |
| 45 | അനുമോൻ ജോസഫ്<br>മുരിക്കേത്ത് | 9 |
| 46 | ജോർജ് എ റ്റി<br>തയ്യിൽ | 9 |
| 47 | ബിനോയ് ഫിലിപ്പ് എബ്രഹാം<br>ഈട്ടിക്കൽ | 9 |
| 48 | ജോസ് വിൽസൻ<br>ഉണ്ടത്തിൽ | 9 |
| 49 | മാത്യു വി സി<br>വെട്ടിമല പുത്തൻ പുരയിൽ | 9 |
| 50 | മോഹന കുമാരൻ നായർ<br>ചെറിയ മഠത്തിൽ | 10 |
| 51 | അമൃത പ്രീത<br>റാന്നി കുന്നത്ത് | 10 |
| 52 | അനീഷ് ഉണ്ണിത്താൻ<br>മുരിക്കേത്ത് | 10 |
| 53 | പൊന്നപ്പൻ കെ ആർ<br>ചെന്നിക്കലേത്ത് | 10 |
| 54 | രാധാകൃഷ്ണൻ നായർ<br>കൊയ്പ്പള്ളിൽ | 10 |
| 55 | ജിസ്സ് ജേക്കബ്<br>അക്കരേപ്പുറത്ത് | 10 |
| 56 | സാബു പീറ്റർ<br>പുത്തൻ പറമ്പിൽ | 11 |
| 57 | ചാക്കോ എം.എം<br>മേനയത്തിൽ | 11 |
| 58 | കമലാക്ഷി കെ എൻ<br>ജയാ ഭവൻ | 11 |
| 59 | ജോർജ് ഇ റ്റി<br>ഈട്ടിമണ്ണിൽ | 11 |
| 60 | ഇന്ദിരാ പങ്കജാക്ഷൻ<br>കുറ്റിയിൽ | 12 |

| | | |
|---|---|---|
| 61 | ജേക്കബ് എ ജെ<br>അഴകനാക്കുഴിയിൽ | 12 |
| 62 | ഗംഗാധരൻ നായർ<br>തറമണ്ണിൽ | 12 |
| 63 | ജോൺ പ്രസാദ്<br>വാഴയിൽ പുത്തൻ പറമ്പിൽ | 12 |
| 64 | രാജു ഇട്ടിയവിരാ<br>തെങ്ങടയിൽ | 12 |
| 65 | വർഗ്ഗീസ് റ്റി എം<br>തോളിട്ടം പാറ | 13 |
| 66 | സക്കറിയാ എബ്രഹാം<br>പുല്ലമ്പള്ളിൽ | 13 |
| 67 | ജേക്കബ്<br>പാലമൂട്ടിൽ | 13 |
| 68 | ഈപ്പൻ മാത്യു<br>മേപ്പുറത്ത് | 13 |
| 69 | അബ്രഹാം വർഗ്ഗീസ്<br>കോലക്കോട്ട് | 13 |
| 70 | ഷാജി<br>വേങ്ങഴിയിൽ | 13 |

മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങി രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-19 ടെണ്ടറുകൾക്ക് മത്സര സ്വഭാവം ഇല്ല; ഇ-ടെണ്ടർ അഭികാമ്യം

2021-22 വർഷം അസിസ്റ്റ് എഞ്ചിനീയർ പുതിയതായി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ, അഞ്ച് ലക്ഷത്തിൽ കുറവ് അടങ്കലുള്ള എല്ലാ പദ്ധതികളും മാന്വൽ ടെണ്ടർ ക്ഷണിച്ചാണ് നടത്തിയിട്ടുള്ളത്. 2021-22 സാമ്പത്തിക വർഷം 63 പ്രവൃത്തികളുടെ ടെണ്ടർ നടപടികളുടെ ഭാഗമായി 380 ടെണ്ടർ ഫോമുകൾ വിതരണം ചെയ്യുകയുണ്ടായി. ഒരു പ്രവൃത്തിക്കായി ശരാശരി 6 കരാറുകാർ വരെ ടെണ്ടർ ഫോമുകൾ വാങ്ങിയതായി രേഖകൾ വ്യക്തമാക്കുന്നു. എന്നാൽ ടെണ്ടർ സമർപ്പിക്കുന്ന വേളയിൽ ഒരു പ്രവൃത്തിക്ക് രണ്ട് കരാറുകാർ മാത്രം ടെണ്ടർ സമർപ്പിച്ചിട്ടുള്ളതായിട്ടാണ് കാണുന്നത്. ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ സ്ഥിരമായി കരാറെടുക്കുന്ന ചുരുക്കം ചില കരാറുകാർ മാത്രമാണ് ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളത്.

ലഭിക്കുന്ന ടെണ്ടറുകളുടെ കാര്യത്തിലാകട്ടെ മത്സര സ്വഭാവം തീരെ ഇല്ല. എസ്റ്റിമേറ്റ് നിരക്കിലോ, ദശാംശത്തിൽ കുറഞ്ഞ നിരക്കിലോ ആണ് ഭൂരിപക്ഷം പ്രവൃത്തികളും കരാർ നൽകിയിട്ടുള്ളത്. ടെണ്ടർ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിവരണം | പ്രവൃത്തികളുടെ എണ്ണം | വിതരണം ചെയ്ത ടെണ്ടർ ഫോമുകൾ ടെണ്ടറുകൾ | ലഭിച്ച ടെണ്ടറുകൾ |
|---|---|---|---|
| എസ്റ്റിമേറ്റ് നിരക്ക്/ എസ്റ്റിമേറ്റ് നിരക്കിന് മുകളിൽ ക്വോട്ടു ചെയ്ത മരാമത്ത് പ്രവൃത്തികളുടെ എണ്ണം | 40 | 236 | 80 |
| എസ്റ്റിമേറ്റ് നിരക്ക്/ദശാംശത്തിൽ കുറഞ്ഞ നിരക്കിലോ (0.001% Or 0.01%) ക്വോട്ടു ചെയ്ത മരാമത്ത് പ്രവൃത്തികളുടെ എണ്ണം | 23 | 144 | 46 |

| | | | |
|---|---|---|---|
| ആകെ | 63 | 380 | 126 |

മാന്വൽ ടെണ്ടറുകളുടെ കാര്യത്തിൽ കരാറുകാർ പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ ടെണ്ടറുകൾ സമർപ്പിക്കുന്നതിലൂടെ മത്സര സ്വഭാവം ഇല്ലാതാകുന്നതായാണ് പരിശോധനയിൽ സ്പഷ്ടമായിട്ടുള്ളത്. 2021-22 വർഷം 5 മരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെണ്ടർ ക്ഷണിച്ചപ്പോൾ ഗ്രാമപഞ്ചായത്തിന് 6,00,590 രൂപ "ടെണ്ടർ സേവിംഗ്സ്" ഇനത്തിൽ ലഭിച്ചു. അതേ സമയം 63 പ്രവൃത്തികൾക്ക് മാന്വൽ ടെണ്ടർ ക്ഷണിച്ചപ്പോൾ ടെണ്ടർ സേവിംഗ്സ് കേവലം 35 രൂപ മാത്രമാണ്.

മത്സര സ്വഭാവമുള്ള ടെണ്ടറുകളുടെ പ്രാധാന്യം എത്രത്തോളമെന്ന് ഇതിൽ നിന്നും വ്യക്തമാണ്. മാന്വൽ ടെണ്ടറിംഗ്, പഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് അനുഗുണമല്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഈ വിഷയത്തിൽ അസി.എഞ്ചിനീയറോട് ഓഡിറ്റ് വിശദീകരണം ആരാഞ്ഞിരുന്നു ( എൻക്വയറി നം. 4/7-12-2022). 13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം 50,000 രൂപയ്ക്കുമുകളിൽ 5 ലക്ഷം രൂപ വരെ എസ്റ്റിമേറ്റ് വരുന്ന പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയോ സാധാരണ ടെണ്ടർ മുഖേനയോ നടപ്പാക്കാം എന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും. അസി.എഞ്ചിനീയർ ഇ-ടെണ്ടർ നടത്തുന്നതിന് ശുപാർശ സമർപ്പിച്ചെങ്കിലും 23-07-2021 ൽ കൂടിയ പഞ്ചായത്ത് യോഗം (തീരുമാനം 1(2)) സാധാരണ ടെണ്ടർ നടത്തുന്നതിന് അംഗീകാരം നൽകുകയായിരുന്നു എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉചിതമായ തുടർ നടപടികൾ പ്രതീക്ഷിക്കുന്നു.

## 1-20 വിശപ്പ് രഹിത കേരളം- ജനകീയ ഹോട്ടൽ നടത്തിപ്പ്- അധികം ചെലവഴിച്ച 4182 രൂപ തിരിച്ചടച്ചു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷം വിശപ്പ് രഹിത കേരളം- ജനകീയ ഹോട്ടൽ പദ്ധതി (പ്രോജക്ട് നം.147/2022) നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിക്കുകയുണ്ടായി.

| ക്രമ നം. | ചെലവഴിച്ച തുക | ബിൽ നം./തീയതി | ചെലവിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| 1 | 32080 | 21051045201290072 7304/ 30-11-2021 | വാടക, കറന്റ് ചാർജ്ജ്, വെള്ളക്കരം |

കെട്ടിടത്തിന്റെ 10 മാസത്തെ വാടക 25,000 രൂപ, കറന്റ് ചാർജ്ജ് 2,270 രൂപ, വെള്ളക്കരം 628 രൂപ ഉൾപ്പെടെ ആകെ 27898 രൂപ ചെലഴിക്കേണ്ടതിന് പകരം 32,080 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിക്കുകയുണ്ടായി. അധികം ചെലവഴിച്ച 4,182 രൂപ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് (നം. 02/05-12-2022) പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കി (രസീത് നം. 1220103039/05-12-2022).

## 1-21 മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് ക്ഷേമപെൻഷൻ; സർക്കാരിന് വൻബാധ്യത സൃഷ്ടിക്കുന്നു

തദ്ദേശ സ്ഥാപനങ്ങളിൽ മരണം രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ ക്ഷേമപെൻഷൻ അക്കൗണ്ട് യഥാസമയം സസ്പെൻഡ് ചെയ്യണമെന്ന് കാണിച്ച് ജി.ഒ(എം.എസ്.)നം.97/2020/ധന തീ.23/09/2020 ഉൾപ്പടെ നിരവധി ഉത്തരവുകൾ ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ നടപടിക്രമം യഥാവിധി പാലിക്കാത്തതിനാൽ അനർഹർ പെൻഷൻ തുക കൈപ്പറ്റുകയും സർക്കാർ ഖജനാവിന് വലിയ നഷ്ടം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

1/2020 മുതൽ 6/2022 വരെയുള്ള കാലയളവിലെ ഗ്രാമപഞ്ചായത്തിലെ മരണ രജിസ്റ്ററിലെ വിവരങ്ങളും സാമൂഹ്യക്ഷേമ പെൻഷൻ ഡാറ്റാബേസിലെ വിവരങ്ങളും താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ, പ്രസ്തുത കാലയളവിൽ ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത ചുവടെ ചേർക്കുന്ന വാർദ്ധക്യകാല ക്ഷേമ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ട് യഥാ സമയം സസ്പെൻഡ് ചെയ്തിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടു. ഇതുമൂലം ക്ഷേമപെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിനുശേഷവും അവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ബാങ്ക് അക്കൗണ്ടിലേയ്ക്ക് പെൻഷൻ തുക കൈമാറുന്നതിനാൽ മരണപ്പെട്ടവരുടെ അവകാശികൾ തുക കൈപ്പറ്റുന്ന സാഹചര്യവും നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് പെൻഷൻ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ അക്കൗണ്ട് സസ്പെൻഡ് | തുക | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | ചെയ്യാത്തത് മൂലം അനർഹമായി പെൻഷൻ തുക കൈമാറിയ കാലയളവ് | | |
| ഐസക് തോമസ് 103990200195 | 14-01-2022 | 02/2022-09/2022 | 1600x8= 12800 | ഗുണഭോക്താവിന്റെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചു |
| മാത്യു ജോൺ 103990200037 | 11-01-2020 | 02/2020-09/2022 | 1500x14=21000<br>1600x18=28800 | ,, |
| കുഞ്ഞമ്മ ജോസഫ് 103990200184 | 28-01-2020 | 02/2020-09/2022 | 1500x14=21000<br>1600x18=28800 | ,, |
| തോമസ് എം.എ. 103990200613 | 13-05-2020 | 06/2020-09/2022 | 1500x10=15000<br>1600x18=28800 | ,, |
| അന്നമ്മ വർഗീസ് 103990200566 | 24-08-2020 | 09/2020-11/2020 | 1500x3= 4500 | പിന്നീട് അക്കൗണ്ട് ക്ലോസ് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. സസ്പെൻഡ് ചെയ്തിട്ടില്ല |
| ജോൺ സി.ജെ 103990200202 | 01-10-2020 | 11/2020-09/2022 | 1400x2= 2800<br>1500x3= 4500<br>1600x18=28800 | ഗുണഭോക്താവിന്റെ പേരിലുള്ള അക്കൗണ്ടിൽനിക്ഷേപിച്ചു |
| ജോർജ്ജ് വി.ജെ. 103990200417 | 30-07-2020 | 08/2021-09/2022 | 1600x14=22400 | ,, |
| അന്നമ്മ തോമസ് 103990200520 | 30-09-2021 | 10/2021-09/2022 | 1600x12= 19200 | ,, |
| കുഞ്ഞിപ്പൊടി പാപ്പി 103990200081 | 13-06-2020 | 07/2020-05/2022 | 1500x9= 13500<br>1600x14=22400 | ,, (സസ്പെൻഡ് ചെയ്തത് 16-06-2022) |
| രാജശേഖരൻ നായർ 103990200612 | 04-05-2022 | 06/2022-08/2022 | 1600x3=4800 | ,, (സസ്പെൻഡ് ചെയ്തത് 19-09-2022) |
| അന്നമ്മ 103990200737 | 10-06-2022 | 07/2022-09/2022 | 1600x3= 4800 | ഗുണഭോക്താവിന്റെ പേരിലുള്ള അക്കൗണ്ടിൽനിക്ഷേപിച്ചു. |
| ഉലകൻ 103990200661 | 12-06-2022 | 07/2022-09/2022 | 1600x3= 4800 | ,, |
| രാജമ്മ 103990200487 | 25-05-2021 | 06/2021-10/2021 | 1600x5= 8000 | ,, (സസ്പെൻഡ് ചെയ്തത് 12-11-2021) |
| വിക്രമൻ പിള്ള | 27-04-2019 | 05/2019-07/2019 | 1500x3= 4500 | മസ്റ്ററിംഗ് |

| | | | | |
|---|---|---|---|---|
| 103990200003 | | | | പൂർത്തിയാക്കതിനാൽ തുക കൈമാറിയിട്ടില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| ആകെ | | | 295200 | |

മരണപ്പെട്ടവരെ അതാത് മാസം തന്നെ പെൻഷൻ ഡേറ്റ ബേസിൽ നിന്നും ഒഴിവാക്കുന്നതിന് സെക്രട്ടറിമാർ ബാദ്ധ്യസ്ഥരാണന്ന് മകളിൽ സൂചിപ്പിച്ച ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മരണപ്പെട്ട ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തത് മൂലമുണ്ടാകുന്ന നഷ്ടം സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്നും ധനകാര്യ വകുപ്പിന്റെ 05/11/20-ലെ 67/20 സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. അധികൃതരുടെ ഭാഗത്തുനിന്നുണ്ടാകുന്ന അനാസ്ഥമൂലം പൊതു ഖജനാവിന് വൻ നഷ്ടമാണുണ്ടാകുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/7-12-2022), അനർഹരായ ഗുണഭോക്താക്കളെ സേവന വെബ്സൈറ്റിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കി സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്കേണ്ടതുമാണ്.

## 1-22 നിക്ഷേപ വേലകൾക്ക് നൽകിയ മുൻകൂർ - വിനിയോഗവിവരം ഹാജരാക്കിയിട്ടില്ല

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| പ്രവൃത്തി | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | മുൻകൂർ നല്കിയ തുക |
|---|---|---|
| 13 -ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | കെ എസ് ഇ ബി | 86140 |
| റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കെ എസ് ഇ ബി | 179736 |
| റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിലെ7,10,12 വാർഡുകളിലെ ഡിസ്ട്രിബ്യൂഷൻ പൈപ്പ് മാറി സ്ഥാപിക്കൽ | വാട്ടർ അതോരിറ്റി | 300000 |
| വരവൂർ നാല് സെന്റ് കോളനി കേടായ പൈപ്പ് പുനസ്ഥാപിക്കൽ | വാട്ടർ അതോരിറ്റി | 350400 |
| വലിയകാവ് മണ്ണാത്തറ ളളിമൺ കുടിവെള്ള പദ്ധതി വിതരണപൈപ്പ് സ്ഥാപിക്കൽ | വാട്ടർ അതോരിറ്റി | 1148000 |

വിനിയോഗ വിവരം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-23 ശബരിമല തീർത്ഥാടനം- അടിസ്ഥാന സൗകര്യം ഒരുക്കൽ- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 10/22 |
| പദ്ധതി | ശബരിമല തീർത്ഥാടനം- അടിസ്ഥാന സൗകര്യം ഒരുക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 500,000/- തനത് ഫണ്ട് |

മേൽ പദ്ധതിയിൽപ്പെടുത്തി തെരുവ് വിളക്ക് വാങ്ങൽ, ശബരിമല പാതയിലെ തെരുവ് വിളക്കുകളുടെ മെയിന്റനൻസ്, കടവ് വൃത്തിയാക്കൽ എന്നീ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തെരുവ് വിളക്ക് വാങ്ങിയിരിക്കുന്നത് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ്. 11.12.21ലെ ഇൻവോയ്സ് നം 501 പ്രകാരം 181442 രൂപയുടെ ലൈറ്റുകളും അനുബന്ധ സാമഗ്രികളും പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | എണ്ണം |
|---|---|
| 17/20 W Led ബൾബ് | 500 |

| | |
|---|---|
| ബൾബ് ഷെയ്ഡ് മെറ്റൽ | 200 |
| പെൻഡന്റ് ഹോൾഡർ | 200 |
| 1.5 SQ അലുമിനീയം വയർ | 20 C0il |

എന്നാൽ വാങ്ങിയ ലൈറ്റുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ലൈറ്റുകൾ ഏതൊക്കെ പോസ്റ്റുകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല. പ്രസ്തുത രേഖകൾ ഹാജരാക്കുവാൻ അവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.15/14.12.2022-ന് മറുപടി നല്കിയിട്ടില്ല.

ശബരിമല പാതയിലെ തെരുവ് വിളക്കുകളുടെ മെയിന്റനൻസ് അനിയൻസ് ഇലക്ട്രിക്കൽസ് ആന്റ് പ്ലംമ്പിംഗ് എന്ന സ്ഥാപനമാണ് ചെയ്തിട്ടുള്ളത്. 430 ബൾബുകൾ മാറ്റി സ്ഥാപിച്ചതിന് 64 രൂപ നിരക്കിൽ 27520 രൂപ നല്കിയിട്ടുണ്ട് . എന്നാൽ ലൈറ്റുകൾ ഏതൊക്കെ പോസ്റ്റുകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല. തെരുവ് വിളക്കുകളുടെ രജിസ്റ്റർ തയ്യാറാക്കി ലൈറ്റുകൾ എതൊക്കെ പോസ്റ്റുകളിൽ എന്ന സ്ഥാപിച്ചുവെന്ന് വ്യക്തത ഉണ്ടെങ്കിൽ മാത്രമേ ലൈറ്റുകൾ കേടാകുന്ന പക്ഷം വാറന്റി പിരിയഡിൽ മാറ്റി ലഭിക്കുകയുള്ളൂ. പഞ്ചായത്ത് എല്ലാവർഷവും തെരുവ് വിളക്ക് പരിപാലനം, തെരുവ് വിളക്ക് വാങ്ങൽ എന്ന പദ്ധതികളിൽപ്പെടുത്തി ആയിരത്തിലധികം ലൈറ്റുകളാണ് വാങ്ങുന്നത്. വാങ്ങുന്ന ലൈറ്റുകൾ സ്റ്റോക്കിലെടുക്കുന്നില്ല. ഏതൊക്കെ പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുണ്ടെന്നുള്ള രേഖ തയ്യാറാക്കുന്നില്ല. ലൈറ്റുകൾ കേടായിപ്പോയാൽ വാറന്റിയിൽ മാറ്റി ലഭിക്കുന്നതിനുവേണ്ടിയുള്ള യാതൊരു വിധ നടപടികളും സ്വീകരിക്കുന്നില്ല.
ശബരിമല സ്പെഷ്യൽ ഗ്രാന്റിനത്തിൽല 579000 രൂപ വരവുണ്ട്. മുന്നിരിപ്പ് ഉൾപ്പെടെ 24.5 ലക്ഷം രൂപ പ്രസ്തുത അക്കൗണ്ടിൽ അവശേഷിക്കെ തനതു ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് എന്തിന്റെ അടിസ്ഥാനത്തിലെന്ന് വ്യക്തമല്ല. നിലവിൽ തുക തനത് ഫണ്ടിൽ നിക്ഷേപിച്ച് ചെലവഴിക്കുകയാണ് ചെയ്യുന്നത്. ശബരിമല സ്പെഷ്യൽ ഗ്രാന്റായി ശേഷിക്കുന്ന തുകകൾ ടി ആവശ്യത്തിനായി വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-24 തെരുവ് വിളക്കുകളുടെ പരിപാലനം ടെണ്ടർ നടപടികൾ സുതാര്യമല്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | 139/22 തെരുവ് വിളക്കുകളുടെ പരിപാലനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 92224 ധനകാര്യകമ്മിഷൻ അവാർഡ് |
| ബിൽ നം തിയതി/ തുക | 200504201250056 5613/27.10.21 തുക - 27520<br>200504201250064 3140/12.11.21 തുക - 64704 |

2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്റ്റ് നം S019/21 പ്രകാരം എൽ.ഇ.ഡി. ബൾബുകൾ മാറ്റി സ്ഥാപിക്കുന്നതിനും സെറ്റായി മാറ്റുന്നതിനും 1.10.20 ൽ മലയാള മനോരമ ദിനപത്രത്തിൽ പരസ്യം നല്കിയതനുസരിച്ച് ലഭിച്ച ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരുന്നത് 62 രൂപ ക്വോട്ട് ചെയ്തിട്ടുള്ള ശ്രീ മനോഹരൻ വി എന്ന വ്യക്തിയാണ്. എന്നാൽ 23.10.20 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 2/2ാം നമ്പർ തീരുമാനപ്രകാരം 64 രൂപ ക്വോട്ട് ചെയ്ത ശ്രീ മാത്യു തോമസിന്റെ ടെണ്ടറാണ് അംഗീകരിച്ചത്. ശ്രീ മാത്യു തോമസ് സമർപ്പിച്ചിരിക്കുന്ന ടെണ്ടറിൽ 74 എന്ന് എഴുതിയിട്ടുള്ളത് വെട്ടിത്തിരുത്തിയാണ് 64 രൂപ എന്ന് രേഖപ്പെടുത്തിയിട്ടുള്ളത്. വെറ്റ്നർ ഉപയോഗിച്ച് മായ്ച്ച് പൂർണ്ണമായും വെട്ടിതിരുത്തലുകൾ ഉള്ള നിലയിലാണ് ടെണ്ടർ ഫോം. ടെണ്ടർ നടപടികളിൽ ക്രമക്കേട് നടന്നിട്ടുള്ളതിന്റെ നേർചിത്രമായി വെട്ടിത്തിരുത്തലുകൾ വരുത്തിയിട്ടുള്ള ടെണ്ടർ ഫോമിനെ കണക്കാക്കാവുന്നതാണ്. 1441 ബൾബുകൾക്ക് 64 രൂപ നിരക്കിൽ 92224 രൂപയാണ് കരാറുകാരന് നല്കിയിരിക്കുന്നത്. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിക്കാത്തതിനാൽ പഞ്ചായത്തിന് 2882 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. പ്രസ്തുത നഷ്ടം ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്. 1441 ലൈറ്റുകൾ ഏതൊക്കെ പോസ്റ്റുകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യകതമാക്കുന്ന രേഖകൾ ഹാജരാക്കുവാൻ അവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.16/14.12.2022-ന് മറുപടി നല്കിയിട്ടില്ല. തെരുവ് വിളക്കുകളുടെ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലൈറ്റുകൾ എതൊക്കെ പോസ്റ്റുകളിൽ എന്ന സ്ഥാപിച്ചുവെന്ന് വ്യക്തമല്ലാത്ത സാഹചര്യമാണ് ഉള്ളത് ലൈറ്റുകൾ കേടാകുന്ന പക്ഷം വാറന്റി പിരിയഡിൽ മാറ്റി ലഭിക്കേണ്ടതിനാൽ ലൈറ്റുകൾ എതൊക്കെ പോസ്റ്റുകളിൽ എന്ന സ്ഥാപിച്ചുവെന്നതിന് വ്യക്തമായ രേഖ പഞ്ചായത്തിൽ ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ് . പഞ്ചായത്ത് ഭരണസമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-25 കുടിവെള്ള വിതരണത്തിനായി ജല അതോറിറ്റിയിൽ അടവാക്കുന്ന തുകയ്ക്ക് അനുപാതികമായ പ്രയോജനം ലഭിക്കുന്നില്ല

പഞ്ചായത്തിന്റെ വരുമാനം ഗണ്യമായ രീതിയിൽ വിനിയോഗിക്കപ്പെടേണ്ടി വരുന്ന ഒരു ആവർത്തന ചെലവാണ്

പൊതുടാപ്പുകളുടെ വെള്ളക്കരം. 2021- 22 സാമ്പത്തിക വർഷം 1306584 രൂപയാണ് തനത് ഫണ്ടിൽ നിന്നും പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഒടുക്കിയിട്ടുള്ളത്. തൻവർഷം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 700,000 രൂപ മുൻ വർഷങ്ങളിലെ കുടിശ്ശിക ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് നല്കിയിട്ടുണ്ട്. കേരള ജല അതോറിറ്റി അസി.എഞ്ചിനീയറുടെ 1.12.20 ലെ എ.ബി5/845/06 വൺ ടൈം സെറ്റിൽമെന്റിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ഒക്ടോബർ 2020 വരെയുള്ള കുടിശ്ശികയിൽ 1339356 അടക്കുന്ന മുറക്ക് 704914 ഇളവ് ചെയ്ത് നൽകാമെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും പിന്നീട് ഇതിൻമേൽ തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലായെന്ന കാണുന്നു. ഇതു കൂടാതെ കുടിവെള്ള പദ്ധതികൾക്കായി വാട്ടർ അതോറിറ്റിയിൽ 2021- 22 സാമ്പത്തിക വർഷം 1798400 രൂപയാണ് വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തി | മുൻകൂർ നല്കിയ തുക |
|---|---|
| റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിലെ7,10,12 വാർഡുകളിലെ ഡിസ്ട്രിബ്യൂഷൻ പൈപ്പ് മാറ്റി സ്ഥാപിക്കൽ | 300000 |
| വരവൂർ നാല് സെന്റ് കോളനി കേടായ പൈപ്പ് പുനസ്ഥാപിക്കൽ | 350400 |
| വലിയകാവ് മണ്ണാത്തറ ഉളിമൺ കുടിവെള്ള പദ്ധതി വിതരണപൈപ്പ് സ്ഥാപിക്കൽ | 1148000 |

കുടിവെള്ള പദ്ധതിക്കായി വാട്ടർ അതോറിറ്റിയിൽ പണം അടവാക്കുന്നതല്ലാതെ പദ്ധതി യഥാസമയം പൂർത്തികരിച്ച്, പൊതുജനങ്ങൾക്ക് ഉപയുക്തമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് ഒരു നടപടിയും സ്വീകരിക്കുന്നില്ല. പൈപ്പിൽ വെള്ളം ലഭിക്കാത്തതിനാൽ വരൾച്ച ബാധിച്ച പ്രദേശങ്ങളിലെ ജനങ്ങൾ പ്രക്ഷോഭവുമായി പഞ്ചായത്തിൽ വന്നുകൊണ്ടിരിക്കുകയാണെന്ന് പഞ്ചായത്ത് സെക്രട്ടറി പത്തനം തിട്ട ജില്ലാ കളക്ടർക്ക് നല്കിയ സി6/1343/2021/17.2.21 നമ്പർ കത്തിൽ അറിയിച്ചിരിക്കുന്നു. ഓഡിറ്റ് വർഷം 3804984 രൂപ കുടിവെള്ളത്തിനായി വാട്ടർ അതോറിറ്റിക്ക് നല്കിയ പഞ്ചായത്തിന് 72746 രൂപ ചെലവഴിച്ച് വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തേണ്ടി വന്നു . ജല അതോറിറ്റിയിൽ പ്രതിവർഷം അടവാക്കുന്ന വൻതുകക്ക് ആനുപാതികമായ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നില്ലായെന്നാണ് ഇത് വ്യക്തമാക്കുന്നത്. ജി ഒ (ആർ ടി)നം. 2242/2011 തസ്വഭവ 28/09/11 ഉത്തരവുപ്രകാരം സംയുക്ത പരിശോധന പൂർത്തിയാക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിയുമായി ചേർന്ന് പരിശോധന പൂർത്തിയാക്കുന്നതിനും കുടിശ്ശിക ഒടുക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് നാളിതുവരെ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്തപരിശോധന നടത്തുകയോ കുടിശ്ശിക തീർപ്പാക്കുകയോ ചെയ്തിട്ടില്ല. പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-26 നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്തിട്ടില്ല

വാർഷിക കണക്ക് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അക്കൗണ്ടുകളിൽ ട്രാൻസാക്ഷൻ നടക്കുന്നില്ല എന്ന കാണുന്നു. RP 40(b) പ്രകാരമുള്ള അക്കൗണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ബാങ്ക് | 31.03.2022 ലെ നീക്കിയിരിപ്പ് തുക |
|---|---|
| Co- Operative Bank Own Fund | 0.11 |
| Co- Operative Bank Own Fund(DCB) | 1236 |
| VFA - 1 | 0.073 |
| Co- Operative Bank 4646 | 28736 |

നിഷ്ക്രിയ അക്കൗണ്ടുകൾ ക്ളോസ് ചെയ്ത് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 480000 | 22/2022, ലൈഫ് മിഷൻ വിഹിതം (എസ്സ് സി പി) | 480000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | 22/2022, ലൈഫ് മിഷൻ വിഹിതം (എസ്സ് സി പി) | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 640000 | 20/2022, ലൈഫ് മിഷൻ വിഹിതം (ജനറൽ) | 640000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | 71/2022, ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 200000 | 68/2022, അങ്കണവാടി കുട്ടികളുടെ പോഷകാഹാരം | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | 68/2022, അങ്കണവാടി കുട്ടികളുടെ പോഷകാഹാരം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 343875 | 24/2022, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 343875 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം

ഡെപ്പോസിറ്റ് വർക്ക് മുഖേന പ്രവൃത്തി നടത്തുന്നതിന് 2021- 22 വർഷം വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം / ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 134 | വരവൂർ 4സെൻറ് കോളനി കേടായ പൈപ്പ് പുനസ്ഥാപിക്കൽ | ഓൺലൈൻ പേയ്മെന്റ് | 350400 | 0 | 350400 |
| കെ എസ്സ് ഇ ബി | 181 | 13ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | ഓൺലൈൻ പേയ്മെന്റ് 2454616/15.12.2021(TSB) | 30459 (CFC) 55681 (തനത് ഫണ്ട്) | 0 | 30459 (CFC) 55681 (തനത് ഫണ്ട്) |
| കേരള വാട്ടർ അതോറിറ്റി | 183 | റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിലെ 71012 വാർഡുകളിലെ ഡിസ്ട്രിബ്യൂഷൻ പൈപ്പ് മാറ്റി | 21050452012500779027 14/12/2021 | 300000 (CFC) | 0 | 300000 (CFC) |

| | | | | | | |
|---|---|---|---|---|---|---|
| | | സ്ഥാപിക്കൽ | | | | |
| കേരള വാട്ടർ അതോറിറ്റി | 184 | വലിയകാവ് മണ്ണാറത്തറ ളുളിമൺ കടിവെള്ള പദ്ധതി വിതരണപൈപ്പ് സ്ഥാപിക്കൽ | 21050452012501129864 15/02/2022 | 1148000 (CFC) | 0 | 1148000 (CFC) |
| കെ എസ്സ് ഇ ബി | 217 | റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21050452012501265196 07/03/2022 | 41318 (CFC) 138418 (തനത് ഫണ്ട്) | 0 | 41318 (CFC) 138418 (തനത് ഫണ്ട്) |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

മുൻ വർഷം എടുത്ത വായ്പയിന്മേൽ, ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടെയും വർഷാവസാനം തിരിച്ചടയ്ക്കാൻഅവശേഷിക്കുന്ന വായ്പയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 4722667 | 0 | 938667 | -- | 3784000 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തീയതി |
|---|---|---|---|---|
| 1999-2000 | 2(2) | 143 | സെക്രട്ടറി, റാന്നി അങ്ങാടി ഗ്രാമപ്പഞ്ചായത്ത് | 121130103049/22.12.2021 |
| 1999-2000 | 2(8) | 294 | സെക്രട്ടറി, റാന്നി അങ്ങാടി ഗ്രാമപ്പഞ്ചായത്ത് | 121130103051/22.12.2021 |
| 2004-05 | 2(1) | 86 | സെക്രട്ടറി, റാന്നി അങ്ങാടി ഗ്രാമപ്പഞ്ചായത്ത് | 121130103512/27.01.2022 |
| 2004-05 | 2(1) | 80 | സെക്രട്ടറി, റാന്നി അങ്ങാടി ഗ്രാമപ്പഞ്ചായത്ത് | 121130103050/22.12.2021 |
| 2010-11 | 3(1) | 15000 | സുബി എസ്സ്, വില്ലേജ് എക്സ്റ്റൻഷൻ | 121130103031/21.12.2021 |

| | | | | |
|---|---|---|---|---|
| | | | ഓഫീസർ | |
| | | 15603 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3(7) | 2006-07 | 3.18.1 | തനത് ഫണ്ട് വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവുകൾ തടസ്സപ്പെടുത്തുന്നു. | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2002-03 | 3(9) | 2006-07 | 3.18.1 | സെക്രട്ടറിയുടെ പ്ളാൻ പി ഡി ചെലവ്- വൗച്ചറുകളും ഫയലുകളും ഹാജരാക്കിയില്ല.139277 രൂപ തടസ്സപ്പെടുത്തുന്നു. | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2002-03 | 3(12) | 2006-07 | 3.18.1 | വ്യക്തിഗത സഹായം - വിവധ കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു. | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2002-03 | 3(17) | 2006-07 | 3.18.1 | സാക്ഷരത - ചെലവ് വിവരം രേഖപ്പെടുത്തിയിട്ടില്ല | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2007-08 | 3(1) | 2010-11 | 5.5.3(1) | ക്രമരഹിതവും അനധികൃതവുമായ ചെലവ് - പഞ്ചായത്ത് ഫണ്ടിന്റെ ദുർവ്യയം | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2007-08 | 3(37) | 2010-11 | 5.5.3(2) | നെല്ലിക്കമൺ നീർത്തട പദ്ധതി - സമയ ബന്ധിതമായി പൂർത്തീകരിച്ചില്ല | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2(1) | | | മൊബൈൽ ടവറുകളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ചില്ല- പഞ്ചായത്തിന് വരുമാന നഷ്ടം | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2(2) | | | അനർഹർക്ക് വസ്തു നികുതി ഇളവ് നൽകി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2(2) | | | തൊഴിൽ നികുതി പിരിവിലെ അപാകത | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-8 ചാർജ് സർച്ചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 69242690 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60273154 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2882 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-24 | | 2882 | ശ്രീമതി ജി. സുധാകുമാരി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജി. സുധാകുമാരി, സെക്രട്ടറി | സെക്രട്ടറി, റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് | കൃഷ്ണവിലാസം, റാന്നി ഇടമൺ പി.ഒ, 689676 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി4/5/98 തീയതി 07.04.1999 | 4 (3-12, 3-15(a) ,3-15(b), 3-18 |
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി3/154/98 തീയതി 28.11.2000 | 29(1), 29(2) ഒഴികെയുള്ള ഖണ്ഡികകളെല്ലാം |
| 1997-98 | എൽ.എഫ്.പി.റ്റി.എ-പി4/752/04 തീയതി 06.05.05/07.07.05 | 2-1, 2-3, 2-6 ഒഴികെയുള്ള ഖണ്ഡികകളെല്ലാം. |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/475/98 തീയതി 06.11..09/09.12.99 | |
| 1997-98 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി3/298/99 തീയതി 30.09.2000/02.11.2000 | |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/187/2000 തീയതി 02.11.01/31.01.02 | 3-2, 3-3, 3-4, 3-5, 3-6, 3-7 ഇവ ഒഴികെയുള്ള മുഴുവൻ ഖണ്ഡികകളും |

| | | |
|---|---|---|
| 1999-2000 | എൽ.എഫ്.പി.റ്റി.എ-പി4/752/04 തീയതി 01.08.05/03.10.05 | 2-2, 2-8 എന്നിവ ഒഴികെയുള്ള ഖണ്ഡികകളെല്ലാം. |
| 1999-2000 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/234/02 തീയതി 21.06.03 | 8 ഖണ്ഡികകൾ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്നു. |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4/418/03 തീയതി 15.10.03 | |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4/419/03 തീയതി 15.10.03/02.08.2004 | അദാലത്തിൽ മറുപടി ലഭ്യമാക്കിയില്ല |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി4/698/05 തീയതി 07.01.06/05.05.2006 | 18(2-1,2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-17 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി4/246/06 തീയതി 05.10.06/07.11.07 | 12 (3-1, 3-3, 3-6, 3-10, 3-11, 3-12, 3-14, 3-15, 3-16, 3-19, 3-21, 3-26) |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി8/534/06 തീയതി 19.02.07/30.11.07 | 21 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി4/170/07 തീയതി 04.02.08 | 8 ( 2-3, 3-5, 3-9, 3-10, 3-13, 3-14, 3-17, 3-19) |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി4/973/07 തീയതി 31.07.08/30.08.08 | 14(1-1, 1-2, 1-3, 3-2, 3-11, 3-12, 3-13, 3-15, 3-16, 3-18, 3-19, 3-20, 3-21, 3-23) |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി5/446/10 തീയതി 08.09.10/08.10.10 | 24( 3-10, 3-11, 3-13, 3-14, 3-17, 3-18, 3-19, 3-20, 3-21, 3-23, 3-24, 3-25, 3-26, 3-27, 3-28, 3-29, 3-30, 3-31, 3-32, 3-34, 3-35, 3-36, 3-38 |
| 2008-09 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി.6/305/13 തീയതി 16.05.13/13.08.14 | 10(1-1, 3-1, 3-4, 3-5, 3-8, 3-10, 3-11, 3-12, 3-13, 3-14) |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി6/306/2013 തീയതി 16.05.13/ 13-08-2014 | 10(1-1, 3-1, 3-2, 3-3(b),3-15, 3-12, 3-8, 3-9, 3-10, 3-11) |
| 2012-13 | കെ.എസ്.എ.പി.റ്റി.എ-പി6/1203/14 തീയതി 26-03-2015/20.5.2015 | 5(2-3, 3-1, 3-5, 3-7, 3-10) |
| 2013-14 | കെ.എസ്.എ.പി.റ്റി.എ-പി6/487/16 തീയതി 04-05-2016 | 4(2-1, 2-3(3), 3-2,3-8) |
| 2014-15 | കെ.എസ്.എ.പി.റ്റി.എ-പ6/681/16 തീയതി 21-06-2016 | 5( 2-1(CAR), 2-2(CAR), 2-6, 3-1, 3-5) |
| 2015-16 | കെ.എസ്.എ..പി.റ്റി.എ-പി6/1288/16 തീയതി 02-12-2016 | 2( 2-2(CAR), 3-20, 3-23, 3-24) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ-പി6/1111/17 തീയതി 23-09-2017 | 7( 1-9, 2-2, 2-3(d), 2-5, 2-6, 3-5, 3-13) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി6/1631/18 തീയതി 10.01.2019 | 1(3-6) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി6/926/2019 തീയതി 05.12.2019 | 21 (1-14, 1-18, 1-19, 1-20, 1-24, 1-27, 1-28, 1-29, 1-30, 1-31, |

| | | |
|---|---|---|
| | | 1-32, 1-33, 1-34, 1-36, 1-37, 1-38, 1-39, 4-3, 4-8, 4-11) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി6 – 659/2021 തീയതി 26.10.2021 | 13 (1-4, 1-12, 1-13, 1-14, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 3-1, 4-2) |
| 2020-21 | കെ.എസ്സ്.എ.പിറ്റി.എ.പി 6 – 660/21 26/10/2021 | 18 (1-2, 1-4, 1-13, 1-14, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-30, 4-2, 4-7, 4-9, 4-10) |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്